തർബിയത്ത്

◆

മുഹമ്മദുൽ ഗസാലി

# ശുദ്ധമാവേണ്ടത് അകവും പുറവും

**ന്യൂനതകൾ** മറച്ചുപിടിച്ചും ബാഹ്യതലങ്ങൾ അലങ്കരിച്ചും ചെയ്യുന്ന കാര്യങ്ങൾക്ക് ഫലപ്രാപ്തി ഉണ്ടാവില്ല. യാതൊരു നന്മയും അതിൽനിന്ന് പ്രതീക്ഷിക്കാനില്ല. ഇത്തരം വഞ്ചനാത്മകമായ ചികിത്സാ രീതികൾ എവിടെയും ഒരു മാറ്റവും ഉണ്ടാക്കുന്നില്ല. ന്യൂനതകൾ തിരിച്ചറിയാതിരിക്കാൻ മറയായി ഉപയോഗിക്കുന്ന ബാഹ്യതലങ്ങളെ (ളവാഹിർ) ഇസ്‌ലാം ഒട്ടും ഗൗനിക്കുന്നില്ല. പുറത്ത് മധുരവും അകത്ത് കയ്പുമുള്ളതിന് എന്തു വിലയാണുള്ളത്?! യഥാർഥ സൗന്ദര്യത്തെ പണ്ടുമുതലേ അറബികൾ അതിരുകവിഞ്ഞ് പുകഴ്ത്തിയിട്ടുണ്ട്. അതിന്റെ മൂല്യത്തിന് കളങ്കമേൽപിക്കുന്നത് അവരൊട്ടും സഹിച്ചിരുന്നില്ല. അവരിലൊരാൾ പാടി:

ഒരാളുടെ അഭിമാനം ആക്ഷേപങ്ങളാൽ കളങ്കപ്പെടുന്നില്ലെങ്കിൽ/ ധരിക്കുന്ന എല്ലാ വസ്ത്രവും അവന് അലങ്കാരം!

മനുഷ്യമനസ്സ് ദുഷിക്കുകയും സ്വഭാവം ഹീനമാവുകയും ചെയ്യുമ്പോൾ പുറം സൗന്ദര്യത്തെ നിന്ദ്യമായും അവർ കണ്ടു.

മറ്റൊരു അറബി കവി:

എന്റെ മുഖത്ത് അഴകുള്ളൊരു പാട് / വസ്ത്രത്തിനടിയിൽ നിന്ദ്യത അതു വെളിവാകാതിരിക്കട്ടെ / നീ അറിയണം, വെള്ളത്തിനു രുചിഭേദമുണ്ട്.

അതിന്റെ നിറം ശുദ്ധവും തെളിമയാർന്നതുമാണെങ്കിലും.

സംസ്കരണം സിദ്ധിച്ച പരിശുദ്ധമായ, പ്രകാശം സ്ഫുരിക്കുന്ന മനസ്സിനുടമയായി മാറുമ്പോഴാണ് ഇസ്‌ലാമിൽ മനുഷ്യൻ പൂർണനും സൗന്ദര്യവാനുമാവുക. ആ പ്രകാശം അവനെ സന്മാർഗത്തിലേക്ക് ആനയിക്കും.

സൗന്ദര്യം രൂപപ്പെടുന്നത് മനസ്സിന്റെ ഉള്ളിലാണ്. ആ സൗന്ദര്യം മനസ്സിലെ തുരുമ്പുകളെ നീക്കി തിളക്കമാർന്നതാക്കുന്നു. കലർപ്പും മങ്ങലും ഇല്ലാതാക്കുന്നു. പിഴച്ച ചിന്താഗതികളിൽനിന്ന് അതിനെ കാത്തുരക്ഷിക്കുന്നു. പിന്നീട് അത്യുഷ്ണകാലത്ത് ആശ്വാസം പകരുന്ന മന്ദമാരുതനെപ്പോലെ, ശൈത്യകാലത്ത് ചൂടുമായെത്തുന്ന സൂര്യരശ്മികളെപ്പോലെ ആ സൗന്ദര്യം ദൈനംദിന ജീവിതത്തിലേക്കും ബഹിർ ഗമിക്കുന്നു. ഈ അവസ്ഥയിലേക്ക് മനസ്സ് മാറുമ്പോൾ പിശാചിന്റെ ദുർബോധനങ്ങളെ തട്ടിമാറ്റാൻ അതിന് കഴിയും. മനസ്സിലേക്കൊരു പ്രവേശനകവാടം പിന്നീട് പിശാചിന് കാണാൻ സാധിക്കുകയില്ല.

നല്ലതും ചീത്തയുമായ ആശയങ്ങളെ ഒരുപോലെ സ്വീകരിക്കുന്ന മനസ്സ്, അടുത്തതും അകന്നതുമായ മുഴുവൻ ശബ്ദതരംഗങ്ങളെയും സ്വീകരിക്കുന്ന ഉപകരണങ്ങളെ (റിസീവർ) പോലെയാണ്. എന്നാൽ നിർണിതമായൊരു ദിശയിലേക്ക് ഉപകരണത്തെ തിരിച്ചു പിടിച്ചാൽ അതിൽനിന്ന് പുറത്തുവരുന്ന ശബ്ദം പ്രത്യേക സ്വഭാവത്തിലും രീതിയിലുമായിരിക്കും. ഇപ്രകാരമാണ് മനുഷ്യമനസ്സ് നന്നാകുകയോ ദുഷിക്കുകയോ ചെയ്താൽ. ശുദ്ധ മനസ്സ് നന്മയുടെ അന്തരീക്ഷത്തിൽ പ്രത്യേക സ്വഭാവത്തിലും രീതിയിലും വളർന്നുകൊണ്ടിരിക്കും. അതോടൊപ്പം കുറ്റങ്ങളും തെറ്റുകളുമായെത്തുന്ന തരംഗങ്ങളെ അതു അകറ്റിനിർത്തും. പിശാചിനെ സംബന്ധിച്ച് ഖുർആനിൽ പറയുന്നു: "സത്യവിശ്വാസം കൈക്കൊള്ളുകയും തങ്ങളുടെ റബ്ബിങ്കൽ ഭരമേൽപിക്കുകയും ചെയ്ത ആളുകളിൽ പിശാചിനു സ്വാധീനമില്ല. അവന്റെ സ്വാധീനമോ, അവനെ രക്ഷാധികാരിയായി വരിക്കുകയും അവന്റെ വഞ്ചനയാൽ അല്ലാഹുവിന് പങ്കാളികളെ കൽപിക്കുകയും ചെയ്ത ജനങ്ങളിൽ മാത്രമേ ഫലിക്കുകയുള്ളൂ" (*അന്നഹ്ൽ*: 99-100). ദുഷിച്ച മനസ്സ് ദാരുണമായ അന്ത്യത്തിലേക്ക് മനുഷ്യനെ കൊണ്ടെത്തിക്കും. "നാം സത്യനിഷേധികളുടെ മേലിൽ ചെകുത്താന്മാരെ വിട്ടയച്ചിട്ടുള്ളത് താങ്കൾ കണ്ടില്ലേയോ? ആ ചെകുത്താന്മാർ അവരെ (സത്യവിരോധത്തിൽ) അധികമധികം ഉത്തേജിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ശരി, അവരുടെ മേൽ ശിക്ഷയിറങ്ങുന്നതിനു താങ്കൾ ധൃതിപ്പെടേണ്ട. നാം അവരുടെ ദിനം എണ്ണിക്കൊണ്ടിരിക്കുകയാണ്" (*മർയം:* 83,84).

വഞ്ചനാത്മകമായ നിലപാടുകളിൽനിന്ന് രഹസ്യങ്ങളെ ശുദ്ധീകരിച്ചും എല്ലാവിധ അഴുക്കുകളിൽനിന്നും അകം സംരക്ഷിച്ചും, കൂടുതൽ ജാഗ്രത പുലർത്തിയും നിഷ്കളങ്ക കർമങ്ങൾ ഇരട്ടിപ്പിച്ചും അല്ലാഹുവിലേക്ക് ധാരാളം അടുത്തും പിശാചിന്റെ തന്ത്രങ്ങളെ കരുതിയിരിക്കാനും അല്ലാഹു ഉണർത്തിയിരിക്കുന്നു. ഹീനമായ തോന്നലുകളിൽനിന്ന്, തെറ്റായ ചിന്തകളിൽനിന്ന് മനസ്സിനെ കാത്തു സൂക്ഷിച്ച് അതിന്റെ വിശുദ്ധിയുടെ ശോഭ നിലനിർത്തണമെന്ന് ഉദ്ബോധിപ്പിക്കാൻ അല്ലാഹു ഒരു അധ്യായം തന്നെ നീക്കിവെച്ചിരിക്കുന്നു: "പറയുക, ഞാൻ ശരണം തേടുന്നു; ജനത്തിന്റെ രക്ഷകനിൽ, ജനത്തിന്റെ രാജാവിൽ, ജനത്തിന്റെ സത്യദൈവത്തിൽ, ആവർത്തിച്ചാവർത്തിച്ചു വന്ന് മനുഷ്യമനസ്സുകളിൽ ദുർബോധനം ചെയ്യുന്ന ദുർബോധകരുടെ ദ്രോഹത്തിൽനിന്ന് - അവർ ജിന്നുകളിൽപെട്ടവരാകട്ടെ, മനുഷ്യരിൽപെട്ടവരാകട്ടെ" (*അന്നാസ്*: 1-6).

ജനങ്ങളുടെയോ പിശാചിന്റെയോ ദുർബോധനങ്ങളിലും പിഴച്ച ചിന്താഗതികളിലും അകപ്പെട്ട് മനസ്സ് വികൃതമാകാതിരിക്കാനും അതിന്റെ സൗന്ദര്യം കാത്തു സൂക്ഷിക്കാനും വിശ്വാസി നടത്തുന്ന പ്രാർഥനയാണിത്. പ്രാർഥനയോടൊപ്പം കർമവും അനിവാര്യമാണ്. 'അല്ലാഹുവേ, പരീക്ഷയിൽ തോൽക്കുന്നതിൽനിന്ന് ഞാനിതാ നിന്നോട് ശരണം തേടുന്നു' എന്ന് ഒരു വിദ്യാർഥി പറഞ്ഞാൽ അവൻ പാഠ്യവിഷയങ്ങളിൽ കഴിയുന്നത്ര ശ്രദ്ധചെലുത്തിയെങ്കിൽ മാത്രമേ അതിന്റെ ഫലം നേടാനാവുകയുള്ളൂ. അതുപോലെതന്നെയാണ് ശപിക്കപ്പെട്ട പിശാചിൽനിന്ന് അല്ലാഹുവിൽ ശരണം തേടലും. നിർബന്ധ ആരാധനാകർമങ്ങൾ നിർവഹിക്കുന്നതോടൊപ്പം അല്ലാഹുവുമായുള്ള ബന്ധം എപ്പോഴും ഊട്ടിയുറപ്പിക്കുന്നവർക്ക് മാത്രമേ പൈശാചികപ്രേരണകളെയും ദുർബോധനങ്ങളെയും പ്രതിരോധിക്കാനുള്ള ശക്തിയും പ്രാപ്തിയും ലഭിക്കൂ. അല്ലാഹുവിങ്കൽ ശരണം തേടുക, എന്നിട്ട് ദേഹേഛകൾക്ക് കീഴ്പ്പെടുക - ഈ വൈരുധ്യം സംഭവിക്കരുത്.

മനസ്സിനെ അഴുകി ജീർണിക്കാതെ സംരക്ഷിക്കുന്ന മതമാണ് ഇസ്‌ലാം. അരാജക ചിന്തകളെ അകറ്റിനിർത്തുന്ന വ്യവസ്ഥയും. ദുർബോധനങ്ങളുമായി വരുന്ന പിശാചിനെ നിരാശനാക്കി, സമാധാനവും ദൃഢചിത്തതയുമുള്ള മനസ്സിനുടമയായി മനുഷ്യൻ എന്നെന്നും കഴിഞ്ഞുകൂടുന്നതിലാണ് യഥാർഥ മഹത്വമുള്ളത്. കൊടുങ്കാറ്റിനെ നോക്കൂ. വിജനമായ മരുഭൂമിയിൽ അതു ശക്തമായ പൊടിപടലങ്ങളുണ്ടാക്കുന്നു. സമുദ്രത്തിലെ

തിരമാലകളെ ഇളക്കിമറിക്കുന്നു. എന്നാൽ തലയുയർത്തി നിൽക്കുന്ന വൻ പർവതത്തിനു മുമ്പിൽ ഒരു ചലനവും സൃഷ്ടിക്കാനാവാതെ മിഴിച്ചുനിൽക്കുന്നു. മനുഷ്യൻ അതിരുവിട്ടാൽ അവന്റെ മനസ്സിനെ പിശാചിന്റെ ദുർബോധനങ്ങൾ ചുഴലിക്കാറ്റുകളെ പോലെ ഇളക്കിമറിച്ചുകൊണ്ടിരിക്കും.

ന്യൂനതകൾ കണ്ടില്ലെന്നു നടിച്ചോ അവ മറച്ചുവെച്ചോ നേടേണ്ട ഒന്നല്ല മനസ്സംസ്കരണം. പരുക്കൻ സ്വഭാവങ്ങളെയും പ്രകൃതങ്ങളെയും തെറ്റായ ആഗ്രഹാഭിലാഷങ്ങളെയും വർണാലംകൃതമായൊരു മറ സ്ഥാപിച്ച് ഒളിപ്പിച്ചുകൊണ്ട് നിലനിർത്താൻ സാധിക്കുന്നതല്ല മനസ്സിന്റെ സൗന്ദര്യം. അതിനുവേണ്ടത് രഹസ്യവും പരസ്യവും അകവും പുറവും ഒരുപോലെ സുതാര്യവും പരിശുദ്ധവുമായിരിക്കലാണ്. “തെളിഞ്ഞ പാപങ്ങളെ നിങ്ങൾ വർജിക്കുവിൻ, ഒളിഞ്ഞ പാപങ്ങളെയും. പാപം ആർജിച്ചവർ തങ്ങൾ നേടിയതിന്റെ ഫലം കണ്ടെത്തുക തന്നെ ചെയ്യും” (*അൽ അൻആം*: 120).

പൊടുന്നനെ, വല്ല കരാറിലൂടെയോ മറ്റോ ഉണ്ടായിവരുന്നവയല്ല ഉത്കൃഷ്ടവും ഉദാത്തവുമായ മാനുഷിക ഗുണങ്ങൾ. നിരന്തര ശ്രമത്തിലൂടെയും വ്യവസ്ഥാപിതമായ പാഠ്യപദ്ധതികളിലൂടെയും സൂക്ഷ്മ നിരീക്ഷണത്തിലൂടെയുമാണ് അവ ജന്മം കൊള്ളുക. നല്ല ഫലങ്ങളുണ്ടാകുന്നതിന് ചെടികൾക്ക് ആവശ്യമായത്ര ചൂടും വെള്ളവും വെളിച്ചവും നല്ല ശ്രദ്ധയും അനിവാര്യമാണ്. അതുപോലെ നല്ല ചുറ്റുപാടും ശരിയായ ശിക്ഷണവും ഉണ്ടായെങ്കിലേ മനുഷ്യനിലെ കഴിവുകൾ വളരുകയുള്ളൂ. കാലാവസ്ഥ മോശമായതിനെ തുടർന്ന് എത്ര ഫലങ്ങളാണ് കേടു വന്നു നശിച്ചുപോയത്. കാർഷികരംഗത്തെ വരുമാനം എത്രയാണ് കമ്മിയായത്. അതുപോലെ ചുറ്റുപാടും സാഹചര്യങ്ങളും മോശമായതിനാലും ഉത്തമ സ്വഭാവികളായ തലമുറകളെ വളർത്തിക്കൊണ്ടുവരുന്നതിലുള്ള രക്ഷിതാക്കളുടെയും അധ്യാപകരുടെയും അശ്രദ്ധയും വീഴ്ചയും മൂലവും എത്ര തലമുറകളാണ് നാശത്തിലകപ്പെട്ടിരിക്കുന്നത്. ■

**വിവ. അബ്ദുർറഹ്മാൻ തുറക്കൽ**